**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2566** **21-01-2021 - ൽ മറുപടിയ്ക്ക്**

**കെയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | **Shri. Kadakampally Surendran**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ നിർമ്മിച്ച നൽകിയിട്ടുണ്ടെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട് എന്നും വ്യക്തമാക്കുമോ; അവ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | 2021 ജനവരി 12 വരെ 2048 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 47 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട് (തിരുവനന്തപുരം-12, ആലപ്പുഴ-15, എറണാകുളം-19, തൃശ്ശൂർ-1 ). |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ വീടിനും എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക (ഉയർന്ന പ്രദേശങ്ങളിൽ 1,01,900/- രൂപയും, നിരപ്പായ പ്രദേശങ്ങളിൽ 95,100/- രൂപയും) ഉൾപ്പെടെ 5 ലക്ഷം രൂപയാണ് കെയർ ഹോം പദ്ധതി പ്രകാരം വീടൊന്നിന് നിർമ്മാണത്തിനായി അനുവദിച്ചിരുന്നത്. ജില്ലകളിൽ ചുമതലപ്പെടുത്തിയിട്ടുള്ള സാങ്കേതിക വിദഗ്ധർ, പ്രദേശത്തെ ഭൂപ്രകൃതിയും, മണ്ണിന്റെ ഘടനയും പരിഗണിച്ച് തയ്യാറാക്കി ലഭ്യമാക്കിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ 82 വീടുകളുടെ നിർമ്മാണത്തിന് 60,52,186/- രൂപയും, തൃശ്ശൂർ ജില്ലയിൽ 16 വീടുകളുടെ നിർമ്മാണത്തിന് 7,00,800/- രൂപയും അധിക ധന സഹായമായി അനുവദിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ